# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4182 | 12/11/2019 ൽ മറുപടിക്ക്

## മാന്നാർ പൈതൃക പദ്ധതി

### ചോദ്യം

ശ്രീ.സജി ചെറിയാൻ

2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന മാന്നാർ പൈതൃക പദ്ധതിയ്ക്കായി മാന്നാർ അലിൻഡ് എന്ന സ്ഥാപനത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന അഞ്ചേക്കർ സ്ഥലം കരകൗശല കോർപ്പറേഷന് കൈമാറുന്നതിനുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

### ഉത്തരം

ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

അലുമിനിയം ഇൻഡസ്ട്രീസ് ലിമിറ്റഡ് (അലിൻഡ് ), കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും ട്രാൻസ് ഫോർമർ, സ്വിച്ച് ഗിയർ, സ്വിച്ചുകൾ മുതലായവ ഉൽപ്പാദിപ്പിക്കുന്നതുമായ സ്ഥാപനമാണ്. പ്രസ്തുത സ്ഥാപനത്തിന് മാനേജിഗ് ഡയറക്ടറും ഏഴംഗ ഡയറക്ടർ ബോർഡും ഉണ്ട്. 1000 ഓഹരികൾ വഴിയാണ് മൂലധനം സ്വരൂപിച്ചിരിക്കുന്നത്. ഗവൺമെന്റ് ഷെയർ 0.01 ശതമാനത്തിന് താഴെയാണ്. സ്ഥാപനത്തിൽ 350 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. കമ്പനിക്ക് നിലവിൽ 45 ഏക്കർ സ്ഥലം ചെങ്ങന്നൂർ താലൂക്കിലെ മാന്നാർ വില്ലേജിൽ 147/4, 148/2, 151/2, 181/2, 181/3 എന്നീ സർവ്വേ നമ്പരുകളിൽ സ്വന്തമായിട്ടുണ്ട്. ഇതിൽ കുറേഭാഗം മുൻപ് കാട് പിടിച്ച് കിടന്നിരുന്നു. എന്നാൽ ഇപ്പോൾ കമ്പനി ഒരു നവീകരണത്തിന്റെ പാതയിലാണെന്നും അതിന്റെ ഭാഗമായി ഈ വസ്തുക്കൾ ഉപയോഗ യോഗ്യമാക്കി വിവിധ പ്രോജക്ടുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായും സ്ഥലം വിട്ടു നൽകുന്നത് സംബന്ധിച്ച അന്തിമ തീരുമാനം എടുക്കേണ്ടത് കമ്പനിയുടെ ഡയറക്ടർ ബോർഡാണെന്നും കമ്പനി സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മാന്നാർ പൈതൃക പദ്ധതിക്കായി ഭൂമി വിട്ടുനൽകുന്നതിനുള്ള കമ്പനിയുടെ അഭിപ്രായം ഡയറക്ടർ ബോർഡിൽ നിന്നും ലഭ്യമാക്കുന്നതിനായി അലിൻഡ് കമ്പനിയോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

Radhakrishnan
സെക്ഷൻ ഓഫീസർ